കെ. എസ്. ആർ. ടി. സി. യിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിലെ

ഒഴിവുകൾ

86 [2955] ശ്രീ. ലൂഡി ലൂയിസ്:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ഓപ്പറേറ്റിംഗ് വിഭാഗത്തിൽ ഓരോ കാറ്റഗറിയിലും എത്ര ഒഴിവുകൾ വീതമുണ്ട്;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി.-യിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം;

(സി) ഈ ഒഴിവുകളിൽ അൺ-അഡ്വൈസ് നിയമനം നടത്തുന്നതിനുള്ള ലിസ്റ്റ് പി. എസ്. സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ആവശ്യത്തിൻമേലുള്ള പി. എസ്. സി.-യുടെ സമീപനം എന്തായിരുന്നു;

(ഇ) പി. എസ്. സി. നിയമനം നടത്തുന്നതിനുള്ള ലിസ്റ്റ് നൽകാത്ത പക്ഷം എംപാനൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണ്;

(എഫ്) ഓപ്പറേറ്റിംഗ് വിഭാഗത്തിലുള്ള സ്റ്റാഫിന്റെ കുറവ് കാരണം എത്ര ട്രിപ്പുകൾ പ്രതിദിനം മുടങ്ങുന്നുണ്ട്;

(ജി) ഇതുമൂലം കോർപ്പറേഷന്റെ വരവിൽ എന്തു കുറവുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ 2618 ഡ്രൈവർമാരുടേയും 1599 കണ്ടക്ടർമാരുടേയും ഒഴിവുകൾ നിലവിലുണ്ട്.

(ബി) 1000 ഡ്രൈവർമാരുടെ ഒഴിവുകൾ കെ. പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ടക്ടർമാരുടെ നിയമനം സംബന്ധിച്ച് ഒരു കേസ് ഹൈക്കോടതിയിൽ നിലവിലുണ്ട്. അതിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുണ്ടായതിനുശേഷം ഒഴിവുകൾ പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) ഉണ്ട്. കാലഹരണപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ടവരെ താൽക്കാലിക നിയമനം നടത്തുന്നതിന് പി. എസ്. സി.-യിൽ നിന്ന് ലിസ്റ്റ് ലഭിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ ആവശ്യം പി. എസ്. സി. അംഗീകരിച്ചു. അവശേഷിച്ച റാങ്ക് ലിസ്റ്റ് കെ. എസ്. ആർ. ടി. സി.-ക്ക് ലഭ്യമായി.

(ഇ) കാലാവധി തീർന്ന പി. എസ്. സി. ലിസ്റ്റിൽ നിന്നും എംപാനൽ നിയമനം നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഷെഡ്യൂളുകളും ട്രിപ്പുകളും മുടങ്ങുന്നത് പല കാരണങ്ങളാൽ ആണ്. ബസ്സുകളുടെ കുറവുകൊണ്ടും ബസ്സുകൾ അറകുറ പണികൾക്ക് പിടിക്കുന്നതുമൂലവും ബ്രേക്ക്ഡൗൺ കൊണ്ടും സ്പെയർ പാർട്ട്സിന്റെ അഭാവം മൂലവും ജീവനക്കാർ കൃത്യമായി ജോലിക്കു ഹാജരാകാത്തതുകൊണ്ടും അവരുടെ കുറവുകൊണ്ടും ഷെഡ്യൂളുകളും ട്രിപ്പുകളും മുടങ്ങാറുണ്ട്. ജീവനക്കാരുടെ കുറവുമൂലം മുടങ്ങുന്ന ട്രിപ്പുകളുടെ എണ്ണം വേർതിരിച്ചു കണക്കാക്കിയിട്ടില്ല.

(ജി) ഇല്ല.

കെ.എസ്.ആർ.ടി.സി. സ്റ്റാഫ് വെൽഫെയർ ഫണ്ട് പദ്ധതി

87 [2956] ശ്രീ. ഇ. എം. അഗസ്തി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, സി. പി. മുഹമ്മദ്:
,, വി. ജെ. പൗലോസ്:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാർക്കുവേണ്ടി പ്രസ്തുത കോർപ്പറേഷൻ സ്റ്റാഫ് വെൽഫെയർ ഫണ്ട് പദ്ധതി ആരംഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നുമുതൽ;

(സി) ഈ പദ്ധതിപ്രകാരം കെ. എസ്. ആർ. ടി. സി. ജീവനക്കാർ എന്തു തുകവീതം ആണ് മാസംപ്രതി അടക്കേണ്ടിയിരുന്നത്;

(ഡി) ഇതിലേയ്ക്കുള്ള കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വിഹിതം എത്രയായിരുന്നു;

(ഇ) ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഈ പദ്ധതി അവസാനിച്ചപ്പോൾ അതിൽ എത്ര തുക യുണ്ടായിരുന്നു;

(ജി) പ്രസ്തുത തുക കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അർഹമായ തോതിൽ തിരിച്ചുകൊടുത്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഈ പദ്ധതി തുടർന്ന് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിരുന്നു.

(ബി) 1-4-1972 മുതൽ.

(സി) പ്രതിമാസം 45 രൂപ.

(ഡി) പ്രതിമാസം അംഗം ഒന്നിന് 10 രൂപ വീതം കോർപ്പറേഷൻ വിഹിതമായി നൽകുന്നു.

(ഇ) ഇല്ല. 28-2-2004-ൽ ഈ പദ്ധതി നിർത്തലാക്കി. ഫണ്ടിലേക്ക് ലഭിക്കുന്ന തുകകൊണ്ട് സർവ്വീസിലിരിക്കെ മരിക്കുന്നവർക്കും പെൻഷൻ പറ്റി പിരിയുന്നവർക്കും ഉള്ള ആനുകൂല്യം അനുവദിക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് ഈ പദ്ധതി നിർത്തലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly